# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1376      04.12.2014-ൽ മറുപടിയ്ക്ക്

## റോഡ് വികസനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ.ശിവദാസൻ നായർ**<br>**,, ലൂഡി ലൂയിസ്**<br>**,, പി.സി.വിഷ്ണുനാഥ്**<br>**,, എം.എ.വാഹീദ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ). രാഷ്ട്രത്തിന്റെ സാമ്പത്തിക പുരോഗതിക്ക് റോഡ് വികസനം മുഖ്യപങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന്, റോഡ് വികസനത്തിന് മുന്തിയ പരിഗണന നൽകുമോ ; വിശദാംശം നൽകാമോ ; | (ബി) കേരളത്തിലെ റോഡുകളുടെ വികസനത്തിന് മുന്തിയ പരിഗണന നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ലോകബാങ്ക് ധന സഹായത്തോടെ കെ.എസ്.ടി.പി. പദ്ധതി നിലവിൽ വന്നത്. കെ.എസ്.ടി.പി.-ഒന്ന് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 254 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുകയും 1200 കി.മീ.റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്ത് വികസനം പൂർത്തിയാക്കി. ഇതിനെ തുടർന്ന് കെ.എസ്.ടി.പി.-രണ്ട് പദ്ധതയിൽപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ കേരളത്തിലെ തെരഞ്ഞെടുത്ത 363 കി.മീ.ദൈർഘ്യമുള്ള 6 പ്രധാന റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.<br>കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് റോഡ് വികസനത്തിന് മുന്തിയ പരിഗണന നൽകി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന വിവിധ നഗര റോഡു വികസന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.<br>ദേശീയപാതകളായ എൻ.എച്ച്.47 ഉം, എൻ.എച്ച്.-17 ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ |

| | | |
|---|---|---|
| | | സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ പൂർണ്ണ സഹകരണം നൽകി പദ്ധതി സാക്ഷാത്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റു 5 ദേശീയപാതകളായ എൻ.എച്ച്.-49, എൻ.എച്ച്.-208, എൻ.എച്ച്.-212, എൻ.എച്ച്.-213, എൻ.എച്ച്.-220 എന്നിവ പേവ്ഡ് ഷോൾഡറോട്ടുകൂടിയ 2 വരിപ്പാതയായി ഘട്ടംഘട്ടമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യപടിയായി പ്രസ്തുത പദ്ധതികൾക്കുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചു വരുന്നു. |
| (സി) | റോഡ് പണിക്ക് A.M.C നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ; | (സി) കെ.എസ്.ടി.പി. 2011-2012 വർഷം സംസ്ഥാന ഫണ്ട് ഉപയോഗിച്ച് വിവിധ ജില്ലകളിലെ തെരഞ്ഞെടുത്ത 13 റോഡുകൾ 5 വർഷത്തെ ദീർഘപരിപാലന വ്യവസ്ഥയോടെ B.C overlay ചെയ്ത് പൂർത്തിയാക്കിയിട്ടുണ്ട്.<br>കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ റോഡുകളുടെ 15 വർഷത്തെ പരിപാലനത്തിനായി കരാർ നിലവിലുണ്ട്.<br>പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൻ കീഴിൽ പ്രവൃത്തികൾ ചെയ്തു കഴിഞ്ഞാൽ defect liability period (ഗ്യാരണ്ടി കാലാവധി) നിലവിലുണ്ട്. |
| (ഡി) | റോഡുകൾ കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉത്തരവാദപ്പെട്ടവരാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകാമോ ? | (ഡി) റോഡ് കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിലവിൽ ഉത്തരവാദിത്വമുണ്ട്. പക്ഷേ പ്രതികൂല കാലാവസ്ഥയും ഫണ്ടിന്റെ ലഭ്യതയും റോഡ് പരിപാലനത്തിനെ ബാധിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**